# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *28 — 26.09.2016-ൽ മറുപടിക്ക്

### അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ ഗവൺമെന്റിന്റെ കാലത്ത് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിൽ സംഘർഷമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ തിരുവനന്തപുരം സിറ്റി, എറണാകുളം സിറ്റി, ആലപ്പുഴ എന്നീ ജില്ലകളിലെ കോടതി പരിസരങ്ങളിൽ വെച്ച് സംഘർഷം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ടി ജില്ലകളിൽ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ പ്രശ്നത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;<br>(സി) പ്രശ്നപരിഹാരത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ;<br>(ഡി) കോടതി നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിൽ മാധ്യമ പ്രവർത്തകർക്കേർപ്പെടുത്തിയ വിലക്ക് നീക്കാൻ ഇടപെടുമോ; വിശദമാക്കുമോ ? | നിയമ ലംഘനങ്ങളിൽ കുറ്റക്കാർക്കതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഭിഭാഷകരും മാധ്യമപ്രവർത്തകരും തമ്മിൽ ഭാവിയിൽ ഉണ്ടാകുന്ന തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അഭിഭാഷകരുടേയും മാധ്യമപ്രവർത്തകരുടേയും പ്രതിനിധികൾ ഉൾപ്പെടുന്ന സമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പോലീസുകാർകൂടി ഉൾപ്പെടുന്ന തർക്കങ്ങളിൽ ഡി.ജി.പി, ജില്ലാ പോലീസ് സൂപ്രണ്ട് എന്നിവർ കൂടി സമിതിയിൽ അംഗങ്ങളായിരിക്കും. |

സെക്ഷൻ ഓഫീസർ